GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR. 92/2024 15.10.2024

**കർഷക ഉത്പാദക കമ്പനി (FPO) പ്രതിനിധികൾക്കും കയറ്റുമതി ചെയ്യാൻ താല്പര്യം ഉള്ളവർക്കുമായി APEDAയുടെ നേതൃത്വത്തിൽ സംയുക്ത സമ്മേളനം നടത്തി**

തിരുവനന്തപുരം: കേരളത്തിൽ നിന്നും വിവിധ വിദേശ രാജ്യങ്ങളിലേക്ക് കാർഷിക ഉൽപ്പന്നങ്ങൾ നിലവിൽ കയറ്റുമതി ചെയ്യുന്നവർക്കും പുതുതായി ചെയ്യാൻ താല്പര്യമുള്ളവർക്കും കർഷക ഉല്പാദന കമ്പനി പ്രതിനിധികൾക്കുമായി APEDA (Agricultural and Processed Food Products Export Development Authority) യുടെ നേതൃത്വത്തിൽ സംയുക്ത സമ്മേളനം നടത്തി. തിരുവനന്തപുരത്ത് വെച്ച് നടത്തിയ പ്രസ്തുത സമ്മേളനം കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത്. എൻ. ഐ.എ.എസ്. ഉദ്ഘാടനം നിർവഹിച്ചു. കർഷക ഉത്പാദന കമ്പനികളെയും കർഷകരെയും കയറ്റുമതി മേഖലയിലെ സാധ്യതകളിലേക്ക് കൈപിടിച്ചുയർത്തുന്ന തരത്തിലാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നവോ-ധൻ പദ്ധതിയിലൂടെ കേരളത്തിലെ കൃഷിയോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ തരിശു കിടക്കുന്ന 1 ലക്ഷം ഹെക്ടറോളം സ്ഥലം നിലവിലുണ്ടെന്നും ഘട്ടം ഘട്ടമായി ഇത്തരത്തിലുള്ള ഭൂമിയിൽ സർക്കാർ ഇടപെടലിലൂടെ ശാസ്ത്രീയമായ കൃഷിരീതികൾ അനുവർത്തിച്ച് കൃഷിയോഗ്യമാക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. പദ്ധതിയുടെ ആദ്യഘട്ടമായി കർഷകരുടെയും

ഭൂവുടമകളുടെയും താല്പര്യപത്രം വകുപ്പ് ക്ഷണിച്ചിട്ടുണ്ട് എന്നും ആദ്യഘട്ടത്തിൽ കൃഷി യോഗ്യമായ 2000 ഹെക്ടറിൽ കൃത്യത കൃഷി രീതികൾ പോലുള്ള ആധുനിക രീതിയിൽ കൃഷി ചെയ്തു തുടക്കം കുറിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിലെ അനുകൂലമായ പാരിസ്ഥിതിക ഘടകങ്ങളും വളക്കൂറുള്ള മണ്ണും പഴം-പച്ചക്കറി കൃഷികൾക്ക് വളരെ അനുയോജ്യമാണെന്നും ശാസ്ത്രീയമായ കൃഷിമുറകൾ അവലംബിക്കുന്നതിലൂടെ ഭക്ഷ്യസുരക്ഷയിലേക്കും കയറ്റുമതി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ കർഷകരുടെ വരുമാന വർദ്ധനവിലേക്കും കേരളത്തിലെ കാർഷിക മേഖലയ്ക്ക് മാറാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. അന്തർദേശീയ വിപണിയിലെ മാറ്റങ്ങളെയും പുതിയ ആവശ്യകതകളെപ്പറ്റിയും വ്യക്തമായ അവബോധം കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഉണ്ടാകണം അപ്പോൾ മാത്രമേ ലാഭകരമായ ഉത്പാദനവും വിപണനവും സാധ്യമാവുകയുള്ളൂ. മറ്റേതൊരു സംസ്ഥാനത്തിനും അപ്രാപ്യമായ പല വിളകളും നമുക്ക് വിജയകരമായി കൃഷിചെയ്യാൻ കഴിയും വിപണി ആവശ്യകത മനസ്സിലാക്കി ഉൽപാദന പ്ലാൻ തയ്യാറാക്കിയാൽ കാർഷിക മേഖലയിൽ നിന്നും മികച്ച വരുമാനം നേടാനാകും. ഡിസൈൻഡ് ഫാംസ് എന്ന ആശയത്തിലേക്കാണ് നവോ-ധൻ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അഭ്യസ്തവിദ്യരായ കർഷകരെ വിനിയോഗിച്ചുകൊണ്ട് തരിശുഭൂമിയിൽ ശാസ്ത്രീയമായ പുതിയ തലമുറ കൃഷിരീതികൾ അനുവർത്തിക്കുന്നതിലൂടെ ഒരു കാർഷിക വിപ്ലവത്തിന് തന്നെ നവോ-ധൻ പദ്ധതിയിലൂടെ തുടക്കം കുറിക്കും. ഉദ്ഘാടന യോഗത്തിൽ പങ്കെടുത്ത കേര (KERA - Kerala Climate Resilient Agri Value chain Modernisation Project) പദ്ധതി ജോയിന്റ് പ്രൊജക്റ്റ് ഡയറക്ടർ ആരതി എൽ.ആർ. ഐ.ഇ.എസ്. പദ്ധതിയിലൂടെ നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ കുറിച്ച് ചടങ്ങിൽ വിശദീകരിച്ചു. കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി, FPO കളുടെ പ്രവർത്തന ഏകോപനം തുടങ്ങിയ വിഷയങ്ങളിൽ അതത് മേഖലകളിലെ വിദഗ്ദ്ധർ ക്ലാസുകൾ കൈകാര്യം ചെയ്യുകയും ചർച്ചകൾ നടത്തുകയും ചെയ്തു. നബാർഡ് ചീഫ് ജനറൽ മാനേജർ ബൈജു എൻ കുറുപ്പ്, സസ്യ സംരക്ഷണ ഓഫീസർ ഡോ. രാജു. ജെ, APEDA റീജിയണൽ ഹെഡ് യു. ധർമ്മ റാവു, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് പ്രതിനിധികൾ, കർഷക പ്രതിനിധികൾ, FPO പ്രതിനിധികൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**